പതിമൂന്നാം കേരള നിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 917

10/2/2016-ലെ മറുപടിയ്ക്ക്

## ഏകീകൃത തൊഴിൽ നിയമം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.കെ. വിജയൻ | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്ത് ഒരു ഏകീകൃത തൊഴിൽനിയമം നടപ്പിലാക്കിയിട്ടുണ്ടോ എന്നറിയിക്കുമോ ; | (എ) ഇല്ല. എന്നാൽ ചുമട്ടുതൊഴിൽ മേഖലയിൽ ഏകീകൃത കയറ്റിറക്ക് കൂലി നടപ്പിലാക്കിയിട്ടുണ്ട്. |
| ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശം നൽകാമോ; | ബി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ 10 ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി നിലവിൽ വന്നിട്ടുണ്ട്. മലപ്പുറം, വയനാട് ജില്ലകളിൽ ഏകീകൃത കയറ്റിറക്ക് കൂലി സംബന്ധിച്ച് ധാരണയായിട്ടുണ്ട്. ഇടുക്കി, കാസർഗോഡ് ജില്ലകളിൽ ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നുവരുന്നു. |
| സി) ഓരോ സാധനങ്ങളും കയറ്റി ഇറക്കുന്നതിന് സർക്കാർ നിശ്ചയിച്ച കൂലി എത്രയെന്ന് വിശദമാക്കാമോ? | സി) തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പാലക്കാട്, കണ്ണൂർ എന്നീ 10 ജില്ലകളിലെ ഏകീകൃത കയറ്റിറക്ക് കൂലി അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ... ലഭ്യമാണ്
... ലൈബ്രറിയിൽ ലഭ്യമാണ്